## പരിഹാസം

ഇജാസ് മുട്ടേത്ത്

ഞാൻ,
നാവുകൊണ്ട് വിളമ്പിയ സദ്യയാണ്-
അവനെ,
ജീവനൊടുക്കാൻ പ്രേരിപ്പിച്ചത്.

## ചൂണ്ടുവിരൽ

റയ്യാൻ തസ്നീം

അനക്കരുത് ചൂണ്ടുവിരൽ പോലും
അനീതിക്കെതിരെ
അനക്കിയാൽ,
കാണില്ല വിരലും നീയും...

## അധഃസ്ഥിതം

കെ.പി മുജീബുർറഹ്മാൻ

'സുഹൃത്തെ, അറിയാമോ
'സോണി സോറി'യാരെന്ന്?

പുസ്തകത്തിൽനിന്നും തലയെടുത്ത്
മുഖംകോട്ടി അവൻ മുരണ്ടു:
'സോറി, അറിയില്ല ആരാ...?'

'ഇറോം ഷർമിളയെ അറിയുമായിരിക്കും'?
'ഹൊ, വല്ല സിനിമാനടിയും...!'

'പറവൂരിൽ, വിദുരയിൽ, കിളിരൂരിൽ
പിച്ചി ചീന്തപ്പെട്ട സ്ത്രീ-യൗവ്വനങ്ങൾ?'

'ഏതാണീ സ്ത്രീകൾ - അറിയില്ലൊരാളെയും
ദയവായി-
ഇത്തരം ചോദ്യമിനിയും വേണ്ട...'

'ശരി, അകലേക്ക് തിരിച്ചുപോകാം
അവിടെ-വേട്ടയാടപ്പെടുന്ന കാശ്മീരി-
പെൺകൊടികളെ കുറിച്ചെന്താണ്?'

'തീവ്രവാദ 'വിത്ത്' പാകുന്നവർ
അവർക്കത് കിട്ടേണ്ടത് മാത്രം..'

'റാഞ്ചിയിൽ, മണിപ്പൂര്, ഒറീസ്സയിൽ
ഇരയാക്കപ്പെടുന്ന ബാല്യ, കൗമാരങ്ങൾ?'

'ഹെ, മാവോവാദിയാണോ നിങ്ങൾ!'
അവന്റെ മുഖം ചുവന്നുതുടുക്കുന്നുണ്ട്...

"ദൽഹിയിൽ കിരാത കരങ്ങളാൽ
പൊലിഞ്ഞു പോയൊരാ-
പെൺകുട്ടിയെ കുറിച്ചെന്തെങ്കിലും"?

'അറിയാം, 'നിർഭയ' പാവം 'യുവതി'
വിഷ ജന്തുക്കളവളെ ചവച്ചരച്ചില്ലേ...
ദൈവമേ, മനുഷ്യരിത്രയും ക്രൂരരോ-
ആ നരാധമരെയുടൻ തൂക്കിലേറ്റണം...'

'നന്ദി, സുഹൃത്തെ
ചിലതെങ്കിലും നീ അറിയുന്നുണ്ടല്ലോ!

ഇനിയിതൊരപേക്ഷ മാത്രം
അയൽപക്കങ്ങളിൽ, ചുരുങ്ങിയത്
സ്വന്തം വീട്ടിലെങ്കിലും-
നിനക്കൊരു കണ്ണുണ്ടായിരിക്കട്ടെ...
അല്ലെങ്കിൽ,
അവരെയും നീ മറന്നു പോയേക്കാം.



Vol. No: 69 Issue No. 37 Printed (at Roshni Press, Kozhikode-12) and published by K.M. Abdul Ahad on behalf of Islamic Service Trust Kerala
Kozhikode-12, Phone: 2730744 Fax: 0495- 2731342, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid